# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

*ഫോൺ:* 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഒക്ടോബർ 29**

---

## എം.ജി.യിൽ ജീനോമിക്, ട്രാൻസ്ക്രിപ്റ്റോമിക് ഡാറ്റാ ഓൺലൈൻ വർക്ക്ഷോപ്പ്

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിന്റെ നേതൃത്വത്തിൽ 'ജീനോമിക്, ട്രാൻസ്ക്രിപ്നോമിക് ഡാനാ വിശകലനം' എന്ന വിഷയത്തിൽ നവംബർ 3 മുതൽ 7 വരെ അഞ്ചു ദിവസത്തെ ഓൺലൈൻ വർക്ക്ഷോപ് സംഘടിപ്പിക്കുന്നു. വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് സമയം.*

*രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) 2.0 പ്രോജക്ട് 09ന്റെ ഭാഗമായി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് സയൻസ് റിസർച്ച് സ്കീം (KSCSTE-SRS) ന്റെ സഹകരണത്തോടെയാണ് വർക്ക്ഷോപ് നടത്തപ്പെടുന്നത്.*

*ജീനോമിക്, ട്രാൻസ്ക്രിപ്നോമിക് ഡാനാ വിശകലന മേഖലയിൽ പ്രായോഗിക പരിചയം നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ലിനക്സിന്റെയും ആർ പ്രോഗ്രാമിംഗിന്റെയും അടിസ്ഥാനതത്വങ്ങൾ , ബാക്ടീരിയൽ ജീനോം അനോട്ടേഷൻ, നാനോപോർ സീക്വൻസ് ഡാനാ വിശകലനം, ട്രാൻസ്ക്രിപ്നോമിക്, ആർ.എൻ.എ-സീക്വൻസ്ഡാനാ അനോട്ടേഷൻ എന്നിവയുൾപ്പെടെ ഓൺലൈൻ, ഓഫ്ലൈൻ ടൂളുകൾ ഉപയോഗിച്ച് പ്രായോഗിക പരിശീലനം വർക്ക്ഷോപ്പ് നൽകും.*

*വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും പങ്കെടുക്കാവുന്ന ഈ വർക്ക് ഷോപ്പിന് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും 500 രൂപ, അധ്യാപകർക്കു 1000 രൂപ എന്നിങ്ങനെയാണ് ഫീസ്. രജിസ്ട്രേഷൻ അവസാന തീയതി ഒക്ടോബർ 30.*

*രജിസ്ട്രേഷൻ ലിങ്ക്:* https://forms.gle/R1nrBu7hs3QFHsVh6

*കൂടുതൽ വിവരങ്ങൾക്ക് ഫോൺ:9446316905,*

*ഇമെയിൽ* rusabioinfoworkshop@gmail.com

*(പി.ആർ.ഒ/39/2148/2025)*

## സർട്ടിഫിക്കറ്റ് കോഴ്സ്

*മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ വിവിധ ഉൾനാടൻ ജലവാഹനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രായോഗിക പരിശീലനം ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സ് ദൈർഘ്യം. യോഗ്യത പത്താം ക്ലാസ്. പ്രായ പരിധി ഇല്ല. വിശദ വിവരങ്ങൾക്ക് വെബ് സൈറ്റ്:* sts.mgu.ac.in, *ഫോൺ: 9447723704; 04812733374*

*(പി.ആർ.ഒ/39/2149/2025)*

## പരീക്ഷാ തീയതി

*ഒന്നാം സെമസ്റ്റർ യുജിപി, ബിബിഎ, ബിസിഎ (ഓണേഴ്സ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീഅപ്പിയറൻസും) നവംബർ 2025 പരീക്ഷകൾ നവംബർ ആറു മുതൽ നടക്കും.*

.....

*എംഎ, എം.എസ്സി, എംകോം അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് (2001 നു മുമ്പുള്ള അഡ്മിഷനുകൾ റഗുലർ, 2002 നു മുമ്പുള്ള അഡ്മിഷനുകൾ പ്രൈവറ്റ്) ജനുവരി 2025 പരീക്ഷകൾ നവംബർ 19 മുതൽ നടക്കും.*

*(പി.ആർ.ഒ/39/2150/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഡിഡിഎംസിഎ (2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 10 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 11 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 12 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/2151/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ